**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4575** **29-10-2021 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിൽ വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി ആക്രമണത്തിന്റെ ഭാഗമായി മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകിവരുന്ന നഷ്ടപരിഹാരം കണ്ണൂർ ഡി.എഫ്.ഒയുടെ കീഴിൽ ഇനി എത്രപേർക്കാണ് നൽകാൻ ബാക്കിയുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | കണ്ണൂർ വനം ഡിവിഷനിൽ വന്യജീവി ആക്രമണത്തിന്റെ ഭാഗമായി മരണപ്പെട്ടവരുടെ ആശ്രിതർ നൽകിയ 22 അപേക്ഷയിൽ നഷ്ടപരിഹാരം നൽകുവാൻ ബാക്കിയുണ്ട്. |
| (ബി) | ഏത് വർഷം ഏത് മാസം വരെ ലഭിച്ച കണ്ണൂർ ജില്ലയിലെ അപേക്ഷകളിലാണ് ഇതുവരെ നഷ്ടപരിഹാരം വിതരണം ചെയ്തത് എന്ന് അറിയിക്കുമോ; | (ബി) | കണ്ണൂർ ജില്ലയിൽ പാമ്പുകടിയേറ്റ് മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം 31/11/2018 വരെയുള്ളത് വിതരണം ചെയ്തിട്ടുണ്ട്. കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ടവരുടെ ആശ്രിതരിൽ 26/09/2021 വരെ നൽകിയ അപേക്ഷകളിൽ 50 ശതമാനം അടിയന്തിര ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) | അപേക്ഷകളിൽ എന്തെങ്കിലും അപാകത ഉണ്ടെങ്കിലോ നിരസിച്ചുവെങ്കിലോ ആ വിവരം ബന്ധപ്പെട്ട അപേക്ഷകരെ രേഖാമൂലം അറിയിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | ഇ-ഡിസ്ട്രിക്ട് മുഖേന ലഭിക്കുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ലഭ്യമായ രേഖകൾ പരിശോധന നടത്തി അപാകത ഉള്ളവ നിരസിക്കുകയോ തിരിച്ച് അയയ്ക്കുകയോ ചെയ്യുന്നുണ്ട്. ഇത് സംബന്ധിച്ച് അപേക്ഷകന് എസ്.എം.എസ് മുഖാന്തിരം വിവരം ലഭ്യമാക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ